# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2750

2.4.2013-ലെ മറുപടിയ്ക്ക്

**അഡ്വൈസ് മെമ്മോ അയച്ച ശേഷം നിയമന ഉത്തരവ് ലഭിക്കാത്ത അവസ്ഥ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ എഞ്ചിനിയറിംഗ് കോളേജുകളിൽ അധ്യാപക തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി അഡ്വൈസ് മെമ്മോ അയച്ച ശേഷം നിയമന ഉത്തരവ് നൽകാത്ത സ്ഥിതി നിലവിലുണ്ടോ; | എ) ഉണ്ട്. |
| ബി) ഏതെല്ലാം മാസങ്ങളിൽ അഡ്വൈസ് മെമ്മോ നൽകിയവർക്കാണ് നിയമന ഉത്തരവ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ; | ബി ) പി.എസ്.സി. ഫെബ്രുവരി,മാർച്ച് മാസങ്ങളിൽ അഡ്വൈസ് ചെയ്യുകയും,സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മാർച്ച് മാസത്തിൽ ലഭിച്ചതുമായ അഡ്വൈസ് മെമ്മോയിലുൾപ്പെട്ടവർക്കാണ് നിയമനം നല്കാനുള്ളത്. |
| സി) എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള ആർക്കിടെക്ചറൽ വിഭാഗത്തിൽ അദ്ധ്യാപക നിയമന ഉത്തരവ് ലഭിക്കാത്ത അഡ്വൈസ് മെമ്മോ ലഭിച്ചവർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് നിയമന ഉത്തരവ് നൽകാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ; | സി) എഞ്ചിനീയറിംഗ് കോളേജുകളിൽ ആർക്കിടെക്ചറൽ വിഭാഗത്തിൽ നിലവിലുള്ള അധ്യാപക ഒഴിവുകളിൽ 4 പേരെ പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുണ്ട്.പൊതുവെ മാർച്ച് മാസത്തിൽ അഡ്വൈസ് ലഭിച്ചവർക്ക് രണ്ടു മാസത്തെ വേനൽക്കാല അവധി കഴിഞ്ഞ് അടുത്ത അധ്യയന വർഷത്തിന്റെ തുടക്കത്തിൽ സർവ്വീസിൽ പ്രവേശിക്കത്തക്കവിധം കാലേക്കൂട്ടി നിയമന ഉത്തരവ് നല്കുകയാണ് പതിവ്. |
| ഡി) പങ്കാളിത്ത പെൻഷൻ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം ലഭിക്കണമെങ്കിൽ കൈക്കൂലി നൽകണമെന്ന ആക്ഷേപം ഉന്നയിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) പങ്കാളിത്ത പെൻഷൻ പ്രാബല്യത്തിൽ | ഇ) 2013 ഏപ്രിൽ ഒന്നാം തീയതി മുതൽ |

| | |
|---|---|
| വരുന്ന തീയതിയ്ക്ക് ആഴ്ചകൾ മുൻപ് അഡ്വൈസ് മെമ്മോ ലഭിക്കുകയും നിലവിൽ ഒഴിവുകളുണ്ടായിട്ടും നിയമന ഉത്തരവ് ലഭിക്കാതിരിക്കുന്നതിനാൽ മാത്രം ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ സാധിക്കാത്തവർക്ക്, പങ്കാളിത്ത പെൻഷൻ പ്രാബല്യത്തിൽ വന്നതിന് ശേഷം നിയമന ഉത്തരവ് ലഭിച്ചാൽ സ്ററാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുമോ? | സർവ്വീസിൽ പ്രവേശിക്കുന്നവർക്കെല്ലാം പങ്കാളിത്ത പെൻഷൻ ബാധകമാണ്. |

സെക്ഷൻ ഓഫീസർ